II ഇ.ബി. XI-കേരള നിയമസഭ/IV-4

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

**2002 ജൂൺ 17, തിങ്കൾ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

22(*91) മൈനർ പോർട്ടുകളുടെ വികസനം

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം.വി.രാഘവൻ) നൽകിയ മറുപടിയിൽ. സംസ്ഥാനത്ത് കോവളം/വിഴിഞ്ഞം, വലിയതുറ (തിരുവനന്തപുരം), തങ്കശ്ശേരി(കൊല്ലം), നീണ്ടകര, കായംകുളം, ആലപ്പുഴ, മനക്കോടം, മുനമ്പം/കൊടുങ്ങല്ലൂർ, പൊന്നാനി, കോഴിക്കോട്/ബേപ്പൂർ, വടകര, തലശ്ശേരി, കണ് ണൂർ, നീലേശ്വരം, കാസർകോട്, മഞ്ചേശ്വരം, അഴീക്കൽ എന്നീ മൈനർ പോർട്ടുകളാണുളളതെന്ന് സഭയെ അറിയിച്ചു. ഇതിൽ വികസന സാദ്ധ്യതയുളളതായി കണ്ടെത്തിയ വിഴിഞ്ഞം, തങ്കശ്ശേരി (കൊല്ലം), ആലപ്പുഴ, മുനമ്പം, പൊന്നാനി, ബേപ്പൂർ (കോഴിക്കോട്) അഴീക്കൽ എന്നീ ഏഴ് തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖ വികസനത്തിന് ആവശ്യമായ വൻപിച്ച മുതൽമുടക്ക് സർക്കാരിന്റെ പക്കൽ ലഭ്യമല്ലാത്തതിനാൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വിവിധ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിവരികയാണ്. ആലപ്പുഴ തുറമുഖത്തിൽ വളരെക്കാലമായി കപ്പലുകളൊന്നും വരുന്നില്ല, അവിടെ കാർഗോ കിട്ടാനും പ്രയാസമാണ്. അതുകൊണ്ട്

ആലപ്പുഴ തുറമുഖത്തെ ടൂറിസ്റ്റു പോർട്ടായി ഡവലപ് ചെയ്യാൻ ഉദ്ദേശിക്കുന്നു. കണ്ണൂർ ജില്ലയിലെ അഴീക്കൽ പോർട്ടിന്റെ വികസന സാദ്ധ്യതയെക്കുറിച്ച് പഠനം നടന്നുകൊണ്ടിരിക്കുകയാണ്. അത് ബി.ഒ.ടി.അടിസ്ഥാനത്തിൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അതും ബി.ഒ.ടി. അടിസ്ഥാനത്തിൽ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ പത്തു വർഷമായി പ്രധാനപ്പെട്ട ഫിഷിംഗ് ഹാർബറുകളിൽ മണൽ നീക്കുന്നതിനും അനുകുനുപ്പണികൾ നടത്തുന്നതിനുമുളള സംവിധാനമില്ലായിരുന്നുവെന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം അതിനെക്കുറിച്ച് പഠനം നടത്തുകയും നീണ്ടകരയിൽ ഒരു കോടി രൂപയ്ക്കുളള മോഡേണൈസേഷൻ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും. എല്ലാ പ്രധാനപ്പെട്ട ഫിഷിംഗ് ഹാർബറുകളിലും മണൽ നീക്കുന്നതിനുളള നടപടികളെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണെന്നും ഒരു ഉപചോദ്യത്തിനു മറുപടിയായി ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി വ്യക്തമാക്കി.

23(*92) <u>എം.എ.സി.ടി. വിധിയനുസരിച്ചുളള നഷ്ടപരിഹാരം</u>

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ്കുമാർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മോട്ടോർ ആക്സിഡന്റ് ക്ളെയിം ട്രൈബ്യൂണലുകളുടെ വിധിയിൻമേൽ കെ.എസ്.ആർ.ടി.സി. 10,81,33,864 രൂപ ഹർജി കക്ഷികൾക്ക് നൽകുവാനുണ്ടന്ന് സഭയെ അറിയിച്ചു. സാമ്പത്തിക ബുദ്ധിമുട്ടു കാരണമാണ് തുക നൽകുവാൻ താമസമുണ്ടാകുന്നത്. കെ.എസ്.ആർ.ടി.സി. യുടെ കളക്ഷനിൽ നിന്നും കുടിശ്ശിക തുക നൽകുവാൻ സാധിക്കുകയില്ല. അതിനാൽ എട്ടു കോടി രൂപ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടമെടുത്ത് അദാലത്തു നടത്തി, പലിശ ഒഴിവാക്കിക്കൊണ്ട് ക്ളെയിം കേസുകൾ ഒത്തുതീർപ്പാക്കി കക്ഷികൾക്ക് തുക നൽകുന്നതിനുളള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്തും നെയ്യാററിൻകരയിലും അപ്രകാരം അദാലത്തുകൾ നടത്തിക്കഴിഞ്ഞു. ഒത്തുതീർപ്പായ കേസുകളിൽ കോടതി നിർദ്ദേശമനുസരിച്ച് തുക നൽകുന്നതാണ്.പത്രങ്ങളിലൂടെ മുൻകൂട്ടി ജനങ്ങളെ അറിയിച്ചശേഷം മാത്രമേ അദാലത്തുകൾ നടത്തുകയുള്ളൂ. 1985 മുതൽ 2001 വരെയുളള എം.എ.സി.ടി. കേസുകളാണ് തീർത്തുകൊണ്ടിരിക്കുന്നത്.. അദാലത്തു നടത്തിയതോടുകൂടി 2350 കേസുകളിൽ അവാർഡായിട്ടുണ്ട്. അദാലത്തുകൾ നടത്തുന്നത് കോടതികളുടെ നിർദ്ദേശപ്രകാരമാണ്. ജില്ലാ കോടതിയും എം.എ.സി.ടി. കോടതികളും ഹൈക്കോടതിയും ഇതിൽ ബന്ധപ്പെട്ടിട്ടുണ്ട്. തീർപ്പാകുന്ന കേസുകളിൽ കോടതിവഴിയാണ് പണം നൽകുന്നത്. കെ.എസ്.ആർ.ടി.സി. യിലെ പുതിയ ബസുകളെല്ലാം ഇൻഷുർ ചെയ്തിട്ടുണ്ട്. ഇപ്പോൾ അടച്ച പ്രീമിയം തുകതന്നെ ഇൻഷുറൻസ് കമ്പനികൾ തിരിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യുടെമേൽ ചുമത്തപ്പെടുന്ന അനധികൃത എം.എ.സി.ടി. കേസുകൾ ഒഴിവാക്കുന്നതിനായി ബഹുമാനപ്പട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടുകൊണ്ട് കെ.എസ്.ആർ.ടി.സി. യിൽ പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച്

ആലോചിക്കുകയാണ്. വാഹന അപകടങ്ങൾ ഒഴിവാക്കുന്നതിന് കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് പരിശീലനം കൊടുക്കുന്നതിന് തിരുവനന്തപുരത്തെ പാറശ്ശാലയിൽ ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതാണ്.. ട്രാഫിക് നിയമം അനുശാസിക്കുന്ന കാര്യങ്ങൾ കെ.എസ്.ആർ.ടി.സി. ക്കും ബാധകമാക്കുന്നതാണെന്ന് മന്ത്രി വെളിപ്പെടുത്തി.

24(*93) <u>മുൻ സർക്കാർ ഏറ്റെടുത്ത കശുവണ്ടി ഫാക്ടറികൾ</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി) നല്കിയ മറുപടിയിൽ, കേരള കാഷ്യൂ ഫാക്ടറീസ് (റിക്വിസിഷണിംഗ്) ആക്ട്പ്രകാരം സ്വകാര്യ ഉടമകളിൽനിന്നും ഏറ്റെടുത്ത 16 കശുവണ്ടി ഫാക്ടറികളിൽ മൂന്നു കശുവണ്ടി ഫാക്ടറികൾ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉടമകൾക്ക് തിരികെ നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മൂന്ന് ഫാക്ടറികൾ തിരികെ നൽകണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൻമേൽ ഓരോ ഫാക്ടറിക്കുംവേണ്ടി കോർപ്പറേഷനും ഗവൺമെന്റും സുപ്രീം കോടതി മുമ്പാകെ പ്രത്യേകം പ്രത്യേകം സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകരാണ് കോർപ്പറേഷനുവേണ്ടിയും സർക്കാരിനുവേണ്ടിയും സുപ്രീം കോടതിയിൽ ഹാജരായത്.കാഷ്യൂ കോർപ്പറേഷനും കാപ്പക്സും *വയ*ബിളായി തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുകയാണ്. കാഷ്യൂ കോർപ്പറേഷനും കാപ്പക്സും പതിനഞ്ചു ദിവസത്തെ ഗ്രാറ്റുവിററിയും സ്വകാര്യ മേഖല ഏഴു ദിവസത്തെ ഗ്രാറ്റുവിററിയുമാണ് തൊഴിലാളികൾക്ക് നൽകുന്നത്,. സീസണൽ ഇൻഡസ്ട്രി എന്നുള്ള നിലയിൽ ഏഴു ദിവസത്തെ ഗ്രാറ്റുവിററി ഇൻട്രൊഡ്യൂസ് ചെയ്യണമെന്ന കാപ്പക്സിന്റെ നിർദ്ദേശം തൊഴിൽ വകുപ്പ് അംഗീകരിച്ചിട്ടില്ലെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി തൊഴിൽ വകുപ്പുമന്ത്രി അറിയിച്ചു.

25(*94) <u>അർബൻ ബാങ്ക് രജിസ്ട്രേഷന് പാലിക്കേണ്ട വ്യവസ്ഥകൾ</u>

സഹകരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സഹകരണ നിയമത്തിലെ ചട്ടം 15(1)എ(3)(ബി)പ്രകാരമുള്ള 56 അൺലൈസൻസ്ഡ് അർബൻ സഹകരണ ബാങ്കുകൾ രജിസ്ററർ ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 1969-ലെ സഹകരണ നിയമത്തിലെ വകുപ്പ് 4 മുതൽ 7 വരെയും ചട്ടം 3, 4, 15 എന്നിവ പ്രകാരമുള്ള വ്യവസ്ഥകളനുസരിച്ചാണ് പുതിയ സഹകരണ ബാങ്കുകൾ രജിസ്ററർ ചെയ്യുന്നത്. ആർ. ബി.ഐ.യുടെകൂടി നിയന്ത്രണത്തിലുള്ള അർബൻ സഹകരണ ബാങ്കുകൾ 1966-ലെ ബാങ്കിംഗ് റഗുലേഷൻ ഭേദഗതി നിയമം (ആസ് ആപ്ളിക്കിൾ ടു കോ-ഓപ്പറേററീവ് സൊസൈററീസ്) പ്രകാരമുള്ള വ്യവസ്ഥകൾക്കും കാലാകാലങ്ങളിലുള്ള ആർ.ബി.ഐ.യുടെ നിർദ്ദേശത്തിനും അനുസരിച്ചാണ് രൂപീകരിച്ച് പ്രവർത്തിക്കുന്നത്.അൺലൈസൻസ്ഡ് അർബൻ ബാങ്കുകൾ രജിസ്ററർ ചെയ്തതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ പുതിയ രജിസ്ട്രേഷൻ നിർത്തിവച്ചിരിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നല്കിയ ഉത്തരങ്ങൾ

26 (* 99) <u>ആർ.ടി.ഓഫീസ്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ</u>

ഗതാഗതവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ ആർ.ടി.ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചിട്ടുണ്ടെന്നറിയിച്ചു.. എൻക്വയറി കൗണ്ടറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്. വാഹനനികുതി ബാങ്കുകളിൽ അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്. ഏജന്റുമാരേയും ദല്ലാളന്മാരേയും ഓഫീസിനുള്ളിൽ പ്രവേശിപ്പിക്കരുതെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

27(* 101) <u>റോഡ് സുരക്ഷാ അതോറിറ്റി</u>

ഗതാഗത വകുപ്പുമന്ത്രി നല്കിയ ഉത്തരത്തിൽ, സംസ്ഥാനത്ത് റോഡു സുരക്ഷാ അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇതിനായി വിശദമായ രൂപരേഖ തയ്യാറാക്കാൻ പൊതുമരാമത്തു പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ (എക്സ്പെൻറിച്ചർ) സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മിഷണർ, നാട്പാക് ഡയറക്ടർ, നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു.

28 ( * 102) <u>വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിദേശ നിക്ഷേപം</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഗൾഫാർ ഹൈടെക് പാർക്ക്ലി (എറണാകുളം), കേരള റെയർ എർത്ത്സ് ആന്റ് മിനറൽസ് ലിമിറ്റഡ് (ആലപ്പുഴ), മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (കോഴിക്കോട്), റൈം റിച്ച് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്(മലപ്പുറം) എന്നീ നാല് വ്യവസായങ്ങൾ കെ.എസ്.ഐ.ഡി.സി. യുമായി ചേർന്ന് ആരംഭിക്കുന്നതിന് വിദേശ മലയാളികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും നിക്ഷേപതീരുമാനമായിട്ടുണ്ടെന്നും അറിയിച്ചു.

29 ( * 103) <u>സംസ്ഥാന നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിത്തീർക്കുവാൻ നടപടി</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി വ്യവസായ സംരംഭകർക്ക് അനുകൂലമായ പുതിയ വ്യവസായ-ഐ.ടി. തൊഴിൽ നയങ്ങൾ രൂപപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടെന്നറിയിച്ചു. ആഗോള തലത്തിലുള്ള നിക്ഷേപകരെ ആകർഷിക്കുവാനായി 2002 നവംബറിൽ ഒരു ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്.

30 (* 104 ) ഇ.എസ്.ഐ. ആശുപത്രികളുടെ നവീകരണം

തൊഴിൽ വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ചികിത്സയ്ക്കും രോഗനിർണ്ണയത്തിനും ആവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നുണ്ടെന്ന് അറിയിച്ചു.

31 (*105) കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ കൈത്തറി മേഖലയിൽ, ഉദ്ദേശം 120 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ കെട്ടിക്കിടപ്പുണ്ടെന്നും ഈ രംഗത്ത് 175000 തൊഴിലാളികൾ ഉള്ളതായി കണക്കാക്കുന്നുണ്ടെന്നും അറിയിച്ചു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

28 ( 478 ,479) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റും ക ൺസൾട്ടന്റിനെ നിയമിക്കലും

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അടുത്ത അഞ്ചുവർഷക്കാലത്തിനുള്ള്ൽ സംസ്ഥാനത്ത് 50,000 കോടി രൂപയുടെ നിക്ഷേപസമാഹരണം, വിവിധ മേഖലകളിൽ കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങളും നിലവിലുള്ള സമാധാന അന്തരീക്ഷവും വ്യവസായോൻമുഖമായ സാഹചര്യങ്ങളും ആഗോള നിക്ഷേപകരുടെ ശ്രദ്ധയിൽപ്പെടുത്തുക എന്നിവയാണ് മീറ്റിന്റെ പ്രാഥമിക ലക്ഷ്യം. . മീറ്റിന്റെ നടത്തിപ്പിനായി മുഖ്യമന്ത്രി ചെയർമാനായും വ്യവസായ സാമൂഹ്യ ക്ഷേമവകുപ്പുമന്ത്രി വൈസ്ചെയർമാനായും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ കൺവീനറായും ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യെ ഇതിന്റെ നോഡൽ ഏജൻസിയായും പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സിനെ കൺസൾട്ടന്റായും നിയമിച്ചിട്ടുണ്ട്.. കൺസൾട്ടന്റിന്റെ ഫീസ് 60 ലക്ഷം രൂപയാണ്. പ്രസ്തുത മീറ്റിൽ ഏകദേശം 200 പേർ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

29 (482) വെഞ്ച്വർ ക്യാപ്പിറ്റൽ ഫണ്ടിന്റെ പ്രവർത്തനം

ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി തുടങ്ങിയ സാങ്കേതിക മേഖലയിലുള്ള പദ്ധതികളുടെ ഓഹരിയിൽ പങ്കു ചേരുക എന്ന പ്രധാനലക്ഷ്യത്തോടുകൂടി 20 കോടി രുപ കോർപ്പസ് ഫണ്ടുള്ള വെഞ്ച്വർ ക്യാപ്പിറ്റൽ ഫണ്ടിന്റെ പ്രവർത്തനം 2001 ആഗസ്റ്റ് മാസത്തിൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

30( 486) പൂട്ടിക്കിടന്നിരുന്ന വ്യവസായ സ്ഥാപനങ്ങൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂട്ടിക്കിടന്നിരുന്ന 54 ചെറുകിട വ്യവസായ യൂണിറ്റുകൾ പുനരുദ്ധാരണ പദ്ധതി പ്രകാരം തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

31( 492) ചെറുകിട-വൻകിട വ്യവസായ മേഖലകളിൽ നടപ്പാക്കിയിട്ടുള്ള വികസന പരിപാടികൾ

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ചെറുകിട വ്യവസായ മേഖലയിൽ താഴെപ്പറയുന്ന വികസന പരിപാടികളാണ് നടപ്പാക്കിയിട്ടുള്ളത്:

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 20509 ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തനം തുടങ്ങിയതുമൂലം 292.03 കോടി രൂപയുടെ വ്യവസായ നിക്ഷേപമുണ്ടാവുകയും 63400 പേർക്ക് തൊഴിൽ ലഭിക്കുകയുമുണ്ടായി. ഇതിൽ 1124 യൂണിറ്റുകൾ വനിതാ വ്യവസായ പദ്ധതി പ്രകാരമായിരുന്നു. 496 പീഡിത വ്യവസായങ്ങളിൽ 119 എണ്ണത്തിന്റെ പുനരുദ്ധാരണ പദ്ധതികൾ തുടങ്ങിയിട്ടുണ്ട്. 1480 ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കായി 2044.09 ലക്ഷം രൂപ നിക്ഷേപസബ്സിഡിയായും 360 ചെറുകിട വ്യവസായസ്ഥാപനങ്ങൾക്ക് 460.77 ലക്ഷം രൂപ വിത്ത് മൂലധനവായ്പയായും വിതരണം ചെയ്തിട്ടുണ്ട്.ുണ്ട്

32 (521) കൈത്തറി പ്രോത്സാഹന പദ്ധതി

കേന്ദ്രഗവൺമെന്റിന്റെ ദീനദയാൽ കൈത്തറി പ്രോത്സാഹന പദ്ധതി പ്രകാരം സംസ്ഥാനത്തിന് 2001-2002-ൽ 225 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

33( 525) വനിതാ കമ്മിഷന്റെ പരിഗണനയിലുള്ള കേസുകൾ

സംസ്ഥാന വനിതാ കമ്മിഷന്റെ പരിഗണനയിലുള്ള 9382 കേസ്സുകളിൽ, ഈ വർഷം 246 എണ്ണം തീർപ്പു കൽപ്പിച്ചിട്ടുണ്ട്.

34 ( 524) വിവിധ പെൻഷൻ ഇനത്തിലുള്ള കുടിശ്ശിക

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശിക ഉൾപ്പെടെ വിധവാ പെൻഷൻ ഇനത്തിൽ 2792.93 ലക്ഷം രൂപയും വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ 869.21 ലക്ഷം രൂപയും ഓർഫനേജ് ഗ്രാന്റായി 235 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

35 ( 528) <u>വനിതാ വിശ്രമ ഭവനുകൾ</u>

സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ മൂന്നു വനിതാ വിശ്രമ ഭവനുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

36 ( 542) <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യപ്പെട്ടവർ</u>

31-3-2002 വരെ സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 4,147,372 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-3-2002 വരെ 11599 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന നിയമനം നൽകിയിട്ടുണ്ട്.

37 ( 546) <u>തൊഴിലില്ലായ്മ വേതനം</u>

ഏറ്റവും ഒടുവിൽ ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 351,685 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നുണ്ട്. ഇതിനായി പ്രതിവർഷം 50,64,26,400 രൂപ ആവശ്യമുണ്ട്

38(563) <u>ബസ്സുകളിലെ എമർജൻസി എക്സിറ്റ് ഡോറുകൾ</u>

സംസ്ഥാനത്തെ സ്റ്റേറ്റ് ക്യാരേജുകൾക്കും കോൺട്രാക്ട് ക്യാരേജുകൾക്കും നിലവിലുള്ള എല്ലാ ബസ്സുകൾക്കും എമർജൻസി എക്സിറ്റ് ഡോറുകൾ 1-8-2002 മുതൽ നിർബന്ധമാക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

39 ( 570) <u>കെ.എസ്.ആർ.ടി.സി. യുടെ കീഴിലുള്ള ബസ്സുകൾ</u>

ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ 4389 ബസ്സുകളുണ്ട്. നിലവിലുണ്ട്. 2002 മേയ് മാസത്തെ കണക്കുപ്രകാരം ഒരു ബസ് ഓപ്പറേറ്റു ചെയ്യുന്നതിന് ശരാശരി 4392 രൂപ ചെലവാകുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി 65 ബസ്സുകൾ വാങ്ങിയിട്ടുണ്ട്..

40( 598) <u>അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയ സഹകരണസംഘങ്ങൾ</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എട്ട് സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻ കീഴിൽ ഇപ്പോൾ 617 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

41 ( 604 ) <u>കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷനിൽ അംഗത്വം ലഭിച്ച സംഘങ്ങൾ</u>

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷനിൽ 207 പ്രൈമറി സംഘങ്ങൾക്ക് അംഗത്വം നൽകിയിട്ടുണ്ട്. ഹൗസിംഗ് ഫെഡറേഷന്റെ അഫിലിയേഷനുവേണ്ടി ഇതുവരെ 201 പ്രൈമറി സംഘങ്ങൾ അപേക്ഷ നല്കിയിട്ടുണ്ട്. അതിൽ 84 സംഘങ്ങളുടെ അപേക്ഷകൾ പരിഗണിക്കാനുണ്ട്.

. . . . . . . . . . . . .